"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ്- അശരണരും രോഗബാധിതരുമായ കലാകാരന്മാർക്ക് ചികിത്സാസഹായം - ശ്രീ.രാമചന്ദ്രൻ നായർ എ ( എ ആർ ചന്ദ്രൻ), കരിക്കുഴി, പനയൂർ പി ഒ, നെടുമങ്ങാട് തിരുവനന്തപുരം - ധനസഹായം- അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.147/2024/CLAD തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:-
1. സ.ഉ.(കൈ) നം. 22/2017 സാം.കാ.വ. തീയതി 11/08/2017
2. സ.ഉ.(കൈ) നം. 36/2017 സാം.കാ.വ. തീയതി 07/11/2017
3. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 28.02.2024 ലെ എ4-1883/2023/സാം.വ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കഥാപ്രസംഗ രംഗത്ത് പ്രവർത്തിക്കുന്ന ശ്രീ.രാമചന്ദ്രൻ നായർ എ എന്ന കലാകാരൻ ഡയബറ്റിസ് മെലിറ്റസ് കാരണം ഇടത് കാൽ വിരലുകളും ഉപ്പൂറ്റിയുടെ ഭൂരിഭാഗവും മുറിച്ചു മാറ്റിയത് സംബന്ധമായ ചികിത്സയിലാണെന്നും അടിയന്തിര ചികിത്സാധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി പരമാവധി ധനസഹായം അനുവദിക്കണമെന്നും സാംസ്കാരിക വകുപ്പദ്ധ്യക്ഷ പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. അശരണരും രോഗബാധിതരുമായ കലാകാരൻമാർക്ക് ചികിത്സാ ധനസഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീ.രാമചന്ദ്രൻ നായർ എ യ്ക്ക് അടിയന്തര ചികിത്സാ ധനസഹായമായി 12,490/-രൂപ ( പന്ത്രണ്ടായിരത്തി നാന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

3. ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ "2205-00-102-67 അശരണരും രോഗബാധിതരുമായ കലാകാരൻമാർക്ക് ചികിത്സാ ധനസഹായം (NP)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതും സാംസ്കാരികവകുപ്പ് ഡയറക്ടർ പ്രസ്തുത തുക പിൻവലിച്ച് അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷിണി തങ്കച്ചി പി
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്( അസ്സൽ അപേക്ഷയും അനുബന്ധ രേഖകളും സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A&E) കേരള ,തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി , ഫോർട്ട്, തിരുവനന്തപുരം.
ശ്രീ.രാമചന്ദ്രൻ നായർ എ -യ്ക്ക് (എ ആർ ചന്ദ്രൻ, കരിക്കുഴി, പനയൂർ പി ഒ, നെടുമങ്ങാട് തിരുവനന്തപുരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര - പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ആഫീസ് പകർപ്പ്.(സി3/76/2024/സാം.കാ.വ)

ഉത്തരവിൻ പ്രകാരം

Signed by
Mini.t.r.
സെക്ഷൻ ഓഫീസർ
Date: 15-03-2024 09:56:31